കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കരുവാറ്റ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി3-1514/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

തീയതി: 29.12.2016

ഫോൺ – 0477 2252753

ഇ-മെയിൽ – ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കരുവാറ്റ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കരുവാറ്റ ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-2, ഭാഗം 3 ലെ 3-1, 3-5 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി/പി3-1514/16 തീയതി: 29.12.2016

# ആലപ്പുഴ ജില്ലയിലെ കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ

# 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

# ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 20.05.2016 മുതൽ 06.12.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | സി.വൈ.സലിം, ഡപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റു നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| 07.12.2016മുതൽ 17.12.2016 വരെ | ശ്രീമതി.സജിതാദാസ് (ഓഡിറ്റ് ഓഫീസർ) |
| | ശ്രീ.ജി.അനിൽകുമാർ ആശാരി (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ) |
| | ശ്രീമതി. എസ്. രാജി (സീനിയർ ഗ്രേഡ് ഓഡിറ്റർ) |
| | ശ്രീമതി.രഞ്ജു പ്രകാശ് (ഓഡിറ്റർ) |

*(ബി)നിർവ്വഹണാധികാരികൾ*

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ.ഹരിദാസ് | 01.04.2015 മുതൽ 30.10.2015 വരെ |
| | ശ്രീമതി.സി.സുജാത | 12.11.2015മുതൽ 31.03.2016 വരെ |

*സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷർ*

| | | |
|---|---|---|
| ശ്രീമതി. ഗിരിജാ മോഹൻ | ധനകാര്യം | 01.04.2015– 30.10.2015 |
| ശ്രീ. സുരേഷ് കളരിക്കൽ | | 12.11.2015– 31.03.2016 |
| ശ്രീ. ഷജിത്ത് ഷാജി | ആരോഗ്യ വിദ്യാഭ്യാസം | 01.04.2015– 30.10.2015 |
| ശ്രീമതി. സുമ | | 12.11.2015– 31.03.2016 |
| ശ്രീമതി. ഗിരിജാ സന്തോഷ് | ക്ഷേമകാര്യം | 01.04.2015– 30.10.2015 |
| ശ്രീ. മോഹനൻ പിള്ള | | 12.11.2015– 31.03.2016 |
| ശ്രീ. ജയിംസ് ജോസഫ് | വികസനം | 01.04.2015– 30.10.2015 |
| ശ്രീമതി. ചന്ദ്രവതി | | 12.11.2015– 31.03.2016 |

സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീമതി. ലക്ഷ്മീദേവി | *01.04.2015 – 31.03.2016* |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. ബീന.എസ് | *01.04.2015 – 31.03.2016* |
| കൃഷി ഓഫീസർ | ശ്രീമതി. ഗംഗാദേവി.ആർ | *01.04.2015 – 31.03.2016* |
| വി.ഇ.ഒ | ശ്രീമതി. ധന്യ. ജെ | *01.04.2015 – 31.03.2016* |
| | ശ്രീമതി. അനിത.ആർ | *01.04.2015 – 07.10.2015* |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. രാജൻ.സി | *01.04.2015 – 31.03.2016* |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | ഡോ.മുഹമ്മദ്ഷാൻ | *01.04.2015 – 31.03.2016* |
| പ്രധാനാധ്യാപകൻ, ഗവ.എൽ.പി.എസ് | ശ്രീ. അഹമ്മദ് കബീർ.എം.എം | *01.04.2015 – 31.03.2016* |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. സുധാലക്ഷ്മി | *01.04.2015 – 25.01.2016* |
| | ശ്രീമതി. ബുഷറ.പി | *25.01.2016 – 31.03.2016* |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. പ്രീത. എച്ച് | *01.04.2015 – 31.03.2016* |
| വെറ്ററിനറി സർജൻ | ഡോ. എസ്. ഹേമ നായർ | *01.04.2015 – 31.03.2016* |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ഉഷ ഗോപാലകൃഷ്ണൻ | *01.04.2015 – 31.03.2016* |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 മുതൽ 1-11 വരെ |
| | ഭാഗം 2 | |
| 2 | വസ്തുനികുതി പൂർണ്ണമായും ഈടാക്കുന്നില്ല -വരുമാന നഷ്ടം | 2-1 |
| 3 | മത്സ്യമാർക്കറ്റ് കെട്ടിടങ്ങൾക്ക് ഭൗതിക സൗകര്യം ഒരുക്കിയിട്ടില്ല - പ്രവർത്തനം ആരംഭിച്ചിട്ടില്ല | 2-2 |
| 4 | പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അൺ-എയ്ഡഡ് സ്കൂളുകൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നല്കുന്നില്ല. | 2-3 |
| 5 | തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കുന്നില്ല – വരുമാന നഷ്ടം | 2-4 |

| | | |
|---|---|---|
| 6 | ഓഡിറ്റ് സത്വര പ്രതിഫലനം – ട്യൂട്ടോറിയൽ കോളേജ് രജിസ്റ്റർ ചെയ്യൽ | 2-5 |
| 7 | പരസ്യ നികുതി ഈടാക്കി വരുമാനം വർദ്ധിപ്പിക്കേണ്ടതാണ് | 2-6 |
| 8 | തനത് ഫണ്ട് അക്കൗണ്ടിന് പലിശ ലഭിക്കുന്നില്ല | 2-7 |
| | ഭാഗം 3 | |
| 9 | വെള്ളക്കരം-സംയുക്ത പരിശോധനക്ക ശേഷവും അധിക തുക ഒടുക്കി | 3-1 |
| 10 | തെരുവു വിളക്കുകൾ- എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല | 3-2 |
| 11 | മരുന്നുകളും സഹായ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടില്ല – ഭവന സന്ദർശനത്തിലൊതുങ്ങി സാന്ത്വന പരിചരണം. | 3-3 |
| 12 | പ്രൊക്യൂർമെന്റ് കമ്മിറ്റി – പ്രവർത്തനങ്ങൾ നടക്കാതെ പേരിലൊതുങ്ങുന്നു. | 3-4 |
| 13 | മണ്ണുഫില്ലിംഗ് പ്രവൃത്തികളിൽ പൊതുമരാമത്ത് മാന്യുവലിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. | 3-5 |
| 14 | സോഷ്യൽ വെൽഫെയർ ആന്റ് റിക്രിയേഷൻ കെട്ടിടം മെയിന്റനൻസ്-ഡിസ്മാന്റിൽ ചെയ്ത വസ്തുക്കൾ ലേലം ചെയ്തിട്ടില്ല | 3-6 |
| 15 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ വർക്കുകൾ - കരാറുകാരിൽ നിന്നും വാറ്റ് ഈടാക്കിയിട്ടില്ല. | 3-7 |
| 16 | എസ്.സി.പി. പദ്ധതികൾ പ്രധാനാദ്ധ്യാപകൻ നടപ്പാക്കുന്നു. | 3-8 |
| 17 | മീഡിയാശ്രീ -ചിത്രത്തിന്റെ പകർപ്പ് ലഭ്യമായിട്ടില്ല | 3-9 |
| 18 | കാലാവധിപൂർത്തിയാക്കിയ ഡെപ്പോസിറ്റുകൾ-പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല | 3-10 |
| 19 | തനത്ഫണ്ടിൽ നിന്നും സാനിട്ടേഷൻ ചെലവ്- തുക തിരികെ ലഭ്യമായിട്ടില്ല | 3-11 |
| 20 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വിശകലനം. | 3-12 |

| | | |
|---|---|---|
| 21 | ട്രൈ സൈക്കിൾ വിതരണം – ഭരണ സമിതി തീരുമാനം നടപ്പായില്ല. | 3-13 |
| 22 | മാവേലിസ്റ്റോർ സ്ഥാപിക്കുന്നതിന് മുൻകൂർ തുക അനുവദിച്ചിരിക്കുന്നു – വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3-14 |
| | ഭാഗം 4 | |
| 23 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 മുതൽ 4-10 വരെ |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28.3.2015 തിയതിയിലെ I-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവ് ചെലവിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ബഡ്ജറ്റിന് അംഗീകാരം നൽകിയ തീയതി | ബഡ്ജറ്റ് പ്രകാരമുള്ളത് | | വാർഷിക കണക്ക് പ്രകാരമുള്ളത് | | ശതമാനം | |
|---|---|---|---|---|---|---|
| | വരവ് | ചെലവ് | വരവ് | ചെലവ് | വരവ് | ചെലവ് |
| 28.3.2015 | 116603890 | 113487800 | 53629868 | 46012174 | 46% | 40.54% |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകൾ യഥാക്രമം 46%, 40.54% മാത്രമാണ്. ബജറ്റ് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2016 | 5.05.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | :- | 15322459 |
| വരവ് | :- | 38307409 |
| ആകെ | :- | 53629868 |
| ചെലവ് | :- | 46012174 |
| നീക്കിയിരിപ്പ് | :- | 7617694 |

## 1-5 ഫണ്ട് വിനിയോഗം

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|
| ഫണ്ടിനം | മുൻ ബാക്കി | TC ചെയ്ത് ലഭിച്ച തുക. | തൻവർഷ അലോട്ട്മെന്റ്. | അലോട്ട്മെന്റിൽ നിന്നും പിൻവലിച്ച തുക. | ആകെ. 2+3+5 | ചെലവ് | TC ചെയ്ത് നൽകിയ തുക. | സർക്കാരിലേയ്ക്ക് തിരിച്ചടച്ച തുക | നീക്കിയിരിപ്പ് |
| വികസനഫണ്ട് പൊതുവിഭാഗം | 1297251 | 2801719 | 7702943 | 7702943 | 11801913 | 11801913 | 0 | 0 | 0 |
| വികസനഫണ്ട് എസ്.സി.പി. | 300370 | 0 | 2677000 | 2677000 | 2977370 | 2977370 | 0 | 0 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 52000 | 0 | 79219 | 79219 | 131219 | 104000 | 27219 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 118155 | 0 | 2598000 | 2193754 | 2311909 | 2311909 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 340824 | 0 | 1874002 | 1874002 | 2214826 | 2214826 | 0 | 0 | 0 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1218682 | 0 | 4080130 | 4080130 | 5298812 | 5298812 | 627596 | 0 | 0 |
| എൻ.ആർ.ഇ.ജി.എസ്. ബി. ഫണ്ട് | | | 955920 | 955920 | 955920 | 955920 | | | |
| പെർഫോമൻസ് ഗ്രാന്റ് | 4011994 | 0 | 0 | 0 | 4011994 | 4011994 | 2146904 | 0 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 116 | 43136326 | 102 | 33818014 | 8 | 6 | 87% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1. ഗ്രാമപഞ്ചായത്ത്ഓഫീസിന് പുതിയ കെട്ടിടം.
2. എ.ഇ ഓഫീസിലേയ്ക്ക് ലെവൽ ഇൻസ്ട്രുമെന്റ്,അനുബന്ധ ഉപകരണങ്ങൾ.
3. പഞ്ചായത്ത് ഓഫീസിന് ക്യാബിൻ നിർമ്മാണം.
4. മാവേലിസ്റ്റോറിന് അടിസ്ഥാനസൗകര്യം വർദ്ധിപ്പിയ്ക്കൽ.
5. ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ.
6. ഐ.എ.വൈ ഭവനപദ്ധതി തിരിച്ചടവ്.

1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനത് വരുമാനത്തിൽ 57% കുറവുണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 39,60,486 | 24,35,615 | 15,24,871(-) | 38.5(-) |
| നികുതിയേതര വരവുകൾ | 29,28,966 | 2,41,251 | 26,87,715(-) | 91.76(-) |
| മറ്റുവരവുകൾ | 1,08,845 | 3,34,382 | 225537(+) | 207(+) |
| ആകെ | 6998297 | 3011248 | 39,87049(+) | 56.97(-) |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 580920 | 322 |
| കർഷകതൊഴിലാളി പെൻഷൻ | 8676000 | 1205 |
| വിധവാപെൻഷൻ | 7363200 | 767 |
| വാർദ്ധക്യകാലപെൻഷൻ | 10152000 | 819 |
| വികലാംഗപെൻഷൻ | 2860800 | 286 |
| അവിവാഹിത പെൻഷൻ | 356000 | 45 |
| വിവാഹധനസഹായം. | 360000 | 12 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.12.2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22,866/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

1. ഡപ്പോസിറ്റ് പ്രവൃത്തികൾക്കായി നൽകുന്ന തുകകളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ മോണിട്ടർ ചെയ്യാൻ കഴിയുന്നില്ല. രജിസ്റ്ററിൽ ഓണം അഡ്വാൻസ് മാത്രമാണ് എഴുതി പോരുന്നത്. മുൻകൂർ രജിസ്റ്ററിൽ തുകകൾ ക്രമീകരിക്കുന്നതിന്റെ വിവരം എഴുതി സൂക്ഷിക്കുന്നില്ല. വാർഷിക ക്ലോസിംഗ് നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.
2. തൊഴിൽ രഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
3. ക്ഷേമ പെൻഷനുകൾക്കുവേണ്ടി ലഭിച്ച അപേക്ഷകളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.

4. തെരുവ് വിളക്കുകളുടെ (പോസ്റ്റ് നമ്പർ ഉൾപ്പെടുത്തിയത്) വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
5. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

മറ്റ് രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫിസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമ മാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.11.16 മുതൽ 23.11.16 വരെ. | 10/16 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.08.12 മുതൽ 18.08.12 വരെ. | 2007-08 മുതൽ 2011-12വരെ. | LBA(HQ)/1/8B/719/152/ തീയതി - 27.9.2012. |

# ഭാഗം-2
# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി പൂർണ്ണമായും ഈടാക്കുന്നില്ല -വരുമാന നഷ്ടം

2015-16 വർഷത്തെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. അൺ-എയ്ഡഡ് സ്കൂളുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല.
   12.04.2012ലെ 49590/ആർ.സി 2/2011 സർക്കുലർ പ്രകാരം 14.01.11 മുതൽ അൺ എയ്ഡഡ് സ്കൂൾ കെട്ടിടങ്ങൾക്ക് വസ്തുനികുതി ബാധകമാക്കിയിട്ടുണ്ട്. എന്നാൽ ഇതു പ്രകാരമുള്ള വസ്തുനികുതി ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അൽ-അമാൻ പബ്ലിക്ക് സ്കൂൾ, വിദ്യ പബ്ലിക്ക് സ്കൂൾ, സെന്റ് തോമസ് പബ്ലിക്ക് സ്കൂൾ, എം.ജി.എം പബ്ലിക്ക് സ്കൂൾ, ശ്രീ രാമകൃഷ്ണ വിലാസം എന്നീ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിട്ടില്ല. ടി വിവരം അന്വേഷിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് തുക ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്.
2. മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല.
   പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചിട്ടില്ല. ടവറുകളുടെ എണ്ണം, വസ്തുനികുതി നിർണ്ണയിച്ചതിന്റെ വിവരങ്ങൾ സംബന്ധിച്ച ഫയൽ, രജിസ്റ്റർ എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

ബി.എസ്.എൻ.എൽ ടവറുകൾ ഉൾപ്പെടെയുള്ള ടവറുകളുടെ വസ്തുനികുതി 2015-16 വർഷം ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് നല്കിയ മറുപടിയിൽ പഞ്ചായത്ത് അതിർത്തിയിൽ ബി.എസ്.എൻ.എൽ ടവർ ഉൾപ്പെടെ 6 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നതായും അവയിൽ ജനറേറ്റർ റൂം നിർമ്മിച്ചിട്ടുള്ള റിലയൻസ്, ടാറ്റാ ഇൻഡികോം എന്നീ

ടവറുകൾക്ക് മാത്രമാണ് വസ്തു നികുതി നിർണ്ണയിച്ച് നല്കിയിരിക്കുന്നത് എന്നുമാണ്. മറ്റ് ടവറുകൾ നിലവിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിച്ചതിനാൽ നികുതി ഈടാക്കിയിട്ടില്ല എന്നും ബി.എസ്.എൻ.എൽ ടവറിന് നികുതി ഒഴിവാക്കിയിട്ടുള്ളതിനാൽ നികുതി ഈടാക്കിയിട്ടില്ല എന്നുമാണ്. എന്നാൽ, മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം 19/ 2011/തസ്വഭവ പ്രകാരം തറ വിസ്തീർണ്ണാടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ മൊബൈൽ ടവറുകൾക്ക് ചതുരശ്ര മീറ്ററിന് 500/- രൂപയാണ് വസ്തുനികുതി നിശ്ചയിച്ചിട്ടുള്ളത്. ജി.ഒ(ആർ.ടി)2640/2012ത.സ്വ.ഭ.വ, തീയതി -19.09.2011 പ്രകാരം ബി.എസ്.എൻ.എൽ ടവറുകളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കണമെന്ന ബി.എസ്.എൻ.എൽ ചീഫ് ജനറൽ മാനേജരുടെ അപേക്ഷ സർക്കാർ നിരസിച്ചിട്ടുണ്ട്.

ആയതിനാൽ, ലഭ്യമാക്കിയ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വസ്തുനികുതി ചട്ടങ്ങൾ ,ഉത്തരവുകൾ എന്നിവകൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിരിക്കുന്ന എല്ലാ മൊബൈൽ ടവറുകൾക്കും വസ്തു നികുതി ഈടാക്കി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.
ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 2-2 മത്സ്യമാർക്കറ്റ് കെട്ടിടങ്ങൾക്ക് ഭൗതിക സൗകര്യം ഒരുക്കിയിട്ടില്ല - പ്രവർത്തനം ആരംഭിച്ചിട്ടില്ല

നാഷണൽ ഫിഷറീസ് ഡവലപ്പ്മെന്റ് ബോർഡ് വിഹിതമായ 159.12 ലക്ഷം രൂപയും സംസ്ഥാന സർക്കാർ വിഹിതമായി 37.41 ലക്ഷം രൂപയും ചേർത്ത് 196.53 ലക്ഷം രൂപ ഉപയോഗിച്ച് കരുവാറ്റ ഗ്രാമ പഞ്ചായത്തിൽ ഒരു ആധുനിക മത്സ്യ മാർക്കറ്റ് കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡവലപ്പ്മെന്റ് കോർപ്പറേഷൻ നിർമ്മിച്ച് 10.09.15ൽ പഞ്ചായത്തിന് കൈമാറി നല്കിയിട്ടുണ്ട്. ടി കെട്ടിടത്തിന് താഴത്തെ നിലയിൽ 35 റീട്ടെയിൽ സ്റ്റാളുകളും ഒരു ശീതീകരണ മുറിയും ഒരു ഫ്ലേക്ക് ഐസ് യൂണിറ്റും ഒന്നാം നിലയിൽ 4 ഉണക്ക മത്സ്യ വിപണന മുറികളും 2 വിശ്രമ മുറികളും ആണുള്ളത്. പഞ്ചായത്ത് ഡയറക്ടറുടെ 15.02.2016ലെ സി5-338/16 നം. ഉത്തരവ് പ്രകാരം മത്സ്യമാർക്കറ്റ് ബൈലോ പുറപ്പെടുവിച്ചിട്ടുണ്ട്. ലേല ഫയൽ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കെട്ടിടം യഥാസമയം വാടകയ്ക്ക് നല്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന വ്യക്തമാണ്.

ടി കെട്ടിടം വാടകയ്ക്ക് നല്കുന്നതിനായി 26.02.16 ന് ലേലവും 20.07.16 ന് പുനർലേലവും (ലേലത്തീയതി കഴിഞ്ഞ് 5 മാസം ആയപ്പോഴാണ് പുനർ ലേലം നടത്തിയിരിക്കുന്നത്) നടത്തിയെങ്കിലും ഏതാനും ചില മുറികൾക്ക് മാത്രം ആവശ്യക്കാർ ഉണ്ടായിരുന്നതിനാൽ കെട്ടിടം മൊത്തമായി വാടകയ്ക്ക് നല്കുന്നതിനായി ഒറ്റ ക്വട്ടേഷൻ ക്ഷണിയ്ക്കാൻ തീരുമാനിച്ചു. ആയത് പ്രകാരം, 08.08.16 ന് ക്വട്ടേഷനും 7.11.16 ന് പുനർ ക്വട്ടേഷനും (ക്വട്ടേഷൻ നടത്തി 3മാസം ആയപ്പോഴാണ് പുനർ ക്വട്ടേഷൻ ക്ഷണിച്ചിരിക്കുന്നത്) നടത്തി 7.11.16ൽ സമർപ്പിച്ച പുനർ ക്വട്ടേഷനുകളിൽ നിന്ന് ശ്രീ. എസ്. കൃഷ്ണകുമാർ, മാനേജിംഗ് ഡയറക്ടർ, മാവേലി മറൈൻ പ്രൊഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന വ്യക്തിയുടെ ക്വട്ടേഷൻ സ്വീകരിച്ച് 01.12.2016 ൽ ടിയാനുമായി കരാറിൽ ഏർപ്പെടുകയും ഒരു മാസത്തെ (12/16) വാടകയായ 30,000/- ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുമുണ്ട്. കെട്ടിടത്തിന് ഇലക്ട്രിസിറ്റി / വാട്ടർ കണക്ഷൻ ലഭ്യമല്ലാത്തതിനാൽ ഇതേ വരെയും സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടില്ല. 10.09.15 ൽ കൈമാറി കിട്ടിയ കെട്ടിടം ഏകദേശം 15 മാസത്തിന് ശേഷമാണ് വരുമാനദായകമാക്കിയത് എന്നത് ഖേദകരമാണ്.

കൂടാതെ, കേരളാ സ്റ്റേറ്റ് ഏരിയാ ഡവലപ്പ്മെന്റ് കോർപ്പറേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ 26.06.2015ൽ ടി കെട്ടിടത്തിന്റെ പണി അന്തിമ ഘട്ടത്തിൽ ആണെന്നും സ്ഥിരമായ ഇലക്ട്രിസിറ്റി കണക്ഷന് ആവശ്യമായ നടപടികൾ സ്വീകരിയ്ക്കുവാനും ആവശ്യപ്പെട്ട് സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ, നാളിതുവരെ ടി കെട്ടിടത്തിന് ഇലക്ട്രിസിറ്റി / വാട്ടർ കണക്ഷൻ ലഭ്യമല്ല എന്നത് പഞ്ചായത്ത് അധികൃതരുടെ ഭാഗത്ത് നിന്നുള്ള ഉത്തരവാദിത്വ കുറവാണെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. കെട്ടിടത്തിന് ഇലക്ട്രിസിറ്റി / വാട്ടർ കണക്ഷൻ ലഭ്യമാക്കി ജനങ്ങൾക്ക് ഉപകാരപ്രദമാക്കേണ്ടതാണ്.

## 2-3 പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അൺ-എയ്ഡഡ് സ്കൂളുകൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നല്കുന്നില്ല.

പൊതു വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് നം. ജി.ഒ (ആർ.റ്റി) 2427/2007, പൊ. വി. 1.08.2007 പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന അൺ-എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നല്കുന്നതിന് എൽ.എസ്.ജി.ഡി എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജി.ഒ (പി) 84197/പി.ഡബ്ളിയു & റ്റി, 19.08.1997 അനുസരിച്ച് അൺ-എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നെസ് ഫീ പ്രതിവർഷം 1000/- രൂപയാണ്. 2015-16 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം, ടി ഇനത്തിൽ 1750/- രൂപ മാത്രമാണ് വരവ് . കരുവാറ്റ ഗ്രാമ പഞ്ചായത്ത് പരിധിയിൽ 5 അൺ - എയ്ഡഡ് സ്കൂളുകൾ (അൽ-അമാൻ, വിദ്യ, സെന്റ് തോമസ്, എം.ജി.എം, ശ്രീരാമകൃഷ്ണ വിലാസം) പ്രവർത്തിക്കുന്നതായി തൊഴിൽ നികുതി പത്രികകൾ പരിശോധിച്ചതിൽ നിന്നും ബോധ്യമായതിനാൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഫീ ഈടാക്കാത്തതിനുള്ള കാരണം അന്വേഷിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് അൺ-എയ്ഡഡ് സ്കൂളുകളിൽ നിന്നും അപേക്ഷകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈടാക്കുവാൻ കഴിയുന്നില്ല എന്നും എയ്ഡഡ് സ്കൂളുകൾ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചാണ് 2015-16 വർഷം ഫീ ഈടാക്കിയിരിക്കുന്നത് എന്ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. കരുവാറ്റ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അൺ - എയ്ഡഡ് സ്കൂളുകളിൽ നിന്നും ഫിറ്റ്നെസ് ഫീ ഈടാക്കി സർട്ടിഫിക്കറ്റ് നല്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കുന്നില്ല - വരുമാന നഷ്ടം

തൊഴിൽ നികുതി അർദ്ധവർഷ പത്രികകൾ ,തൻവർഷത്തെ ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി കുറഞ്ഞ നിരക്കിൽ ഈടാക്കിയതായി കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

1. യു.ഐ.റ്റി, കരുവാറ്റ എന്ന സ്ഥാപനത്തിൽ നിന്നും ഒന്നാം അർദ്ധവർഷം സമർപ്പിച്ച തൊഴിൽ നികുതി പത്രികയിൽ, 1.06.2015 ൽ ചാർജ്ജെടുത്ത ശ്രീ. പ്രവീൺകുമാർ. പി. കെ, ലക്ചറർ എന്ന ഉദ്യോഗസ്ഥന്റെ ഒരു മാസത്തെ വരുമാനമായി രേഖപ്പെടുത്തിയിരിക്കുന്നത് 17,000/- ആണ്. ആയതുപ്രകാരം, ടിയാൻ പ്രസ്തുത അർദ്ധവർഷം 68,000/- രൂപ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ, തൊഴിൽ നികുതിയായി 450/- രൂപ ഒടുക്കിയിരിക്കുന്നത്.

2. അൽ-അമാൻ, വിദ്യാ പബ്ലിക് സ്കൂൾ, സെന്റ് തോമസ് പബ്ലിക് സ്കൂൾ, ശ്രീരാമകൃഷ്ണ വിദ്യാലയം എന്നീ സ്കൂളുകളിൽ നിന്നും സമർപ്പിച്ച തൊഴിൽ നികുതി പത്രികയിൽ ജീവനക്കാർക്ക് വളരെ കുറഞ്ഞ വരുമാനം രേഖപ്പെടുത്തി 120, 180 നിരക്കിലാണ് തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നത്. നികുതി നിർണ്ണയം പുനപ്പരിശോധിക്കേണ്ടതാണ്.
3. വരുമാനം കൂടുതലുള്ള പെട്രോൾ പമ്പ് ഉടമയായ ശ്രീമതി. ശ്രീദേവി പ്രസന്നൻ നായർ (ഗ്രീസ് പെട്രോളിയം), തടിമിൽ ഉടമകളായ സുമേഷ് സുകുമാരൻ (സുമേഷ് എന്റർപ്രൈസസ്), ആർ. പ്രസന്നൻ (ധന്യ തടിമിൽ), സരോജിനിയമ്മ (ശ്രീകുമാർ ടിമ്പർ ഇൻഡസ്ട്രീസ്), സുകുമാരിയമ്മ (ശ്രീലക്ഷ്മി സ്വാമിൽസ്) എന്നിവരിൽ നിന്നും തൊഴിൽ നികുതിയായി 600/- രൂപയാണ് ഓരോ അർദ്ധവർഷം ഈടാക്കിയിരിക്കുന്നത്.

ക്രമ നം. ഒന്ന്, മൂന്ന് എന്നിവയിൽ കുറവ് വന്ന തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുന്നതിന് കത്ത് നൽകിയിട്ടുള്ളതായും ക്രമ നം. രണ്ടിൽ പ്രതിപാദിച്ചിരിക്കുന്ന അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ നിന്നും ഹാജരാക്കിയ അർദ്ധ വാർഷിക പത്രികയുടെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതെന്നുമാണ് മറുപടി നൽകിയത്. നൽകിയ മറുപടി പരിശോധിച്ചതിൽ തടിമിൽ ഉടമകളിൽ നിന്നും അവരുടെ വരുമാനത്തിനാനുപാതികമായി നിലവിലും തൊഴിൽ നികുതി ഈടാക്കുന്നില്ല എന്നതാണ് വ്യക്തമാകുന്നത്. കുറവ് വന്ന തുകകൾ ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2-5 ഓഡിറ്റ് സത്വര പ്രതിഫലനം:-ട്യൂട്ടോറിയൽ കോളേജുകൾ രജിസ്റ്റർ ചെയ്തു.

കരുവാറ്റ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ, ടൂട്ടോറിയൽ കോളേജ് രജിസ്ട്രേഷൻ ഫീയിനത്തിൽ വരവില്ല. പഞ്ചായത്ത് പരിധിയിൽ ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ അൽ-അമാൻ കോളേജ്, കോസ് കോളേജ്, എച്ച്.എം.വി എന്നീ ടൂട്ടോറിയൽ കോളേജുകൾ പ്രവർത്തിക്കുന്നതായി കണ്ടു. എന്നാൽ, ഈ സ്ഥാപനങ്ങളിൽ നിന്നും നാളിതുവരെ ലൈസൻസ് ഫീ ഈടാക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.5) നല്കിയതിനുള്ള മറുപടിയിൽ എച്ച്.എം.വി ട്യൂട്ടോറിയൽ കോളേജ് 2014-15ൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്നും ഇതിന്റെ 2015-16ലെ ഫീസ് (രസീത് നം. 11602101812/5.10.16 പ്രകാരം) ഒടുക്കിയിട്ടുണ്ട് എന്നും അറിയിച്ചു. ഓഡിറ്റ് അന്വേഷണം നൽകിയതിന്റെ അടിസ്ഥാനത്തിൽ കോസ് കോളേജ് 13.12.16ലും അൽ-അമാൻ കോളേജ് 16.12.16ലും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് യഥാക്രമം 11620101377, 11620101382 രസീതുകൾ പ്രകാരം 16.12.16ൽ ഫീസ് ഒടുക്കിയതായി അറിയിച്ചു.

1999ലെ കേരള പഞ്ചായത്ത് രാജ് (ടൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിൽ ചട്ടം 3 ൽ ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു ടൂട്ടോറിയൽ സ്ഥാപനവും പ്രവർത്തിക്കുവാൻ പാടുള്ളതല്ല എന്ന നിബന്ധന പാലിക്കപ്പെട്ടു എന്നുറപ്പാക്കാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 2-6 പരസ്യ നികുതി ഈടാക്കി വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം ഉൾപ്പെടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നാഷണൽ ഹൈവേയുടെ വശങ്ങളിലായി ധാരാളം പരസ്യങ്ങൾ പ്രദർശിപ്പിച്ചു കൊണ്ടുള്ള ഹോർഡിംഗുകൾ, ബാനറുകൾ എന്നിവ സ്ഥാപിച്ചിട്ടുള്ളതായി ഓഡിറ്റിന് നിരീക്ഷിക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ, 2015-16വർഷം ഇവയിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് പരസ്യനികുതി ഇനത്തിൽ വരവില്ലെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. പരസ്യനികുതി സംബന്ധിക്കുന്ന ഫയൽ ലഭ്യമാക്കിയതിൽ, പഞ്ചായത്ത് ഡയറക്ടറുടെ 4.11.2016 ലെ സി5-43055/15 നമ്പർ ഉത്തരവ് പ്രകാരം ബൈല അംഗീകരിച്ചിട്ടുണ്ട്. ആയതിനാൽ, ടി തീയതി മുതൽ തുക ഈടാക്കി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

## 2-7 തനത് ഫണ്ട് അക്കൗണ്ടിന് പലിശ ലഭിക്കുന്നില്ല

ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ട് ഇടപാടുകൾ നടക്കുന്നത് ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിന്റെ കരുവാറ്റ ശാഖയിലെ 00230-ാം നമ്പർ സേവിംഗ്സ് അക്കൗണ്ടിലാണ്. എന്നാൽ, ഈ അക്കൗണ്ടിലെ നിക്ഷേപത്തിന് പലിശ ലഭിക്കുന്നില്ല. മുൻ റിപ്പോർട്ടുകളിലും ഈ വിവരം പരാമർശിച്ചിട്ടുണ്ടെങ്കിലും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. പലിശ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വെള്ളക്കരം-സംയുക്ത പരിശോധനക്കു ശേഷവും അധിക തുക ഒടുക്കി

4/15 മുതൽ 5/15 വരെ 462 പൊതുടാപ്പുകൾക്ക് 202125/- രൂപ പ്രകാരം 404250/- രൂപയും 6/15 ൽ 467 ടാപ്പുകൾക്ക് 204313/- രൂപയും 7/15 മുതൽ 3/16 വരെ 470 ടാപ്പുകൾക്ക് 205625/- രൂപ പ്രകാരം 1850625/- രൂപയും ഉൾപ്പെടെ ആകെ 2459188/- രൂപ വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിയിൽ ഒടുക്കി.

7-11-14 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 4-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംയുക്ത പരിശോധന നടത്തി. 25-6-15 ലെ കമ്മിറ്റിയുടെ 7(1) നം തീരുമാനം, സംയുക്ത പരിശോധനയിൽ കണ്ടെത്തിയ ടാപ്പുകളുടെ വെള്ളക്കരം ഒഴിവാക്കുന്നതിനായി തീരുമാനിച്ചു. ടി വിവരം, ഒഴിവാക്കേണ്ട ടാപ്പുകളുടെ ലിസ്റ്റുസഹിതം 18-9-15 ലെ സി.7/2794/15 നം കത്ത് മുഖേന വാട്ടർ അതോറിറ്റിയെ അറിയിച്ചു.

തുടർന്ന് 30-10-15 ലെ സി7-100/15 നം കത്ത് മുഖേന നിലവിലുള്ള പ്രവർത്തനക്ഷമമായ ടാപ്പുകളുടെ ലിസ്റ്റ് വാട്ടർ അതോറിറ്റിക്ക് അയച്ചുകൊടുത്തു (ഇതിൽ വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയർ സീൽ ചെയ്ത് ഒപ്പിട്ടിട്ടുണ്ട്). എന്നാൽ ഇതിന്റെ അടിസ്ഥാനത്തിൽ 145 ടാപ്പുകൾ ഒഴിവാക്കി വെള്ളക്കരം 142188/- രൂപയായി (325ടാപ്പുകൾ) കുറവുചെയ്തിരിക്കുന്നത് 4/16 മുതൽ മാത്രമാണ്. ഒഴിവാക്കേണ്ട ടാപ്പുകളുടെ ലിസ്റ്റ് 18-9-15 വാട്ടർ അതോറിറ്റിക്ക് നൽകിയെങ്കിലും വെള്ളക്കരം കുറവുചെയ്തതിന് കാലതാമസമുണ്ടാകുവാൻ കാരണമെന്താണന്ന് ഫയലിൽനിന്നും വ്യക്തമല്ല. എന്നാൽ ഇത് പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾക്ക് ഗ്രാമപഞ്ചായത്ത്തുടർന്നും വെള്ളക്കരം അടക്കേണ്ട സാഹചര്യം സൃഷ്ടിച്ചു. 11/15 മുതൽ (10/15 ലാണ് പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണംഅയച്ചുകൊടുത്തതായിക്കാണുന്നത്) 3/16 വരെ പ്രതിമാസം 63437/- രൂപ പ്രകാരം ആകെ 317185/- രൂപ അധികം ഒടുക്കി. അധികം ഒടുക്കിയ തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 തെരുവു വിളക്കുകൾ- എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല

പ്രതിമാസം 55175/- രൂപ നിരക്കിൽ 2015-16 വർഷം 662100/- രൂപ തെരുവു വിളക്കുകളുടെ വൈദ്യുത ചാർജ്ജിനത്തിൽ കെ.എസ്.ഇ.ബി.യിൽ ഒടുക്കുവരുത്തിയിട്ടുണ്ട്. എന്നാൽ തെരുവു വിളക്കുകളുടെ ഇനം തിരിച്ച് കാണിക്കുന്ന രജിസ്റ്റർ/ രേഖകൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. ഓഡിറ്റ് വേളയിൽ (12/16 ൽ) കെ.എസ്.ഇ.ബി. അധികാരികളിൽ നിന്നും ലഭ്യമായ രേഖകൾ പ്രകാരം ആകെ തെരുവു വിളക്കുകളുടെ എണ്ണം 1538 ആണ്. ഇതിൽ 746 എണ്ണവും സാധാരണ ബൾബുകളാണ്. സിഎഫ് എൽ വിളക്കുകൾ 233 എണ്ണം മാത്രമാണ്.

എന്നാൽ തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണിക്കായി അതാത് വാർഡ് അംഗങ്ങൾ തയ്യാറാക്കിയ ലിസ്റ്റ് പ്രകാരം (ഏകദേശ കണക്ക്) സി.എഫ്.എൽ വിളക്കുകളാണ് ഏറ്റവും കൂടുതൽ ഉള്ളത് (കേടായവ മാത്രം-501) ഏറ്റവും കുറവ് സാധാരണ ബൾബുകളും (10 എണ്ണം). ഇതിൽ നിന്നും കെ.എസ്.ഇ.ബി. യുടെ പക്കലുള്ള രേഖകൾ കൃത്യമല്ല എന്ന് വ്യക്തമാണ്.

12-13 വർഷം തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി 254000/- രൂപ കെ.എസ്.ഇ.ബി. ക്ക് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ ടി പ്രവർത്തി ആരംഭിച്ചിട്ടില്ല. (ഓഡിറ്റ് റിപ്പോർട്ട് 12-13 ഖണ്ഡിക-3-2)

ഈ സാഹചര്യത്തിൽ ടി അപാകത കെ.എസ്.ഇ.ബി. അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ വൈദ്യുത ചാർജ്ജ് ക്രമപ്പെടുത്തുന്നതിനും ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 3-3 മരുന്നുകളും സഹായക ഉപകരണങ്ങളും ലഭ്യമാക്കിയിട്ടില്ല - ഭവന സന്ദർശനത്തിലൊതുങ്ങി സാന്ത്വന പരിചരണം

പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതി (പ്രോജക്ട് നം. 36/16) നടത്തിപ്പിലെ അപാകതകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

1. പദ്ധതിയിൽ വകയിരുത്തിയതിൽ നിന്നും വ്യത്യസ്തമായി തുക ചെലവഴിച്ചു:-
   മരുന്നുവാങ്ങലിനായി പ്രോജക്ടിൽ 34,000/- രൂപയാണ് വകയിരുത്തിയത്. എന്നാൽ ഇതിനായി 54,400/- രൂപ (ബിൽ നം.6/15-16, തീയതി 16.3.16) പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. ചെലവിനനു സരിച്ച് പ്രോജക്ട് പരിഷ്ക്കരിച്ചിട്ടില്ല എന്നാണ് മറുപടി നൽകിയത്. പ്രോജക്ടിൽ വകയിരുത്തിയതിൽ നിന്നും വ്യത്യസ്ഥമായി തുക ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.
2. പാലിയേറ്റീവ് ഉപകരണങ്ങളും മരുന്നുകളും ലഭിച്ചില്ല:-
   ബിൽ നം. 6/15-16,തീയതി 16.3.16 പ്രകാരം മരുന്നുകൾക്കായി നൽകിയ 54,400/-രൂപ കൂടാതെ പാലിയേറ്റീവ് ഉപകരണങ്ങൾക്കും പരിശോധനാസാമഗ്രികൾക്കുമായി (വാട്ടർബെഡ്, വീൽചെയർ, വാക്കർ, സ്റ്റെതസ്കോപ്പ്, ബി.പി. അപ്പാരട്ടസ് എന്നിവ) 40000/- രൂപയും പിൻവലിച്ച് കെ.എം.എസ്.സി.എൽ. ന് (ബിൽ നം.10/15-1631.3.16) നൽകിയിട്ടുണ്ട്. എന്നാൽ ഈ ഉപകരണങ്ങളും

മരുന്നുകളും ലഭിച്ചതിന്റെ വിശദാംശം ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 12ന് മറുപടിയും നൽകിയില്ല. തികച്ചും അവശരായ രോഗികളുടെ അടിയന്തിരമായ ആവശ്യങ്ങൾ നിറവേറ്റുക എന്ന ലക്ഷ്യത്തിലാണ് വാട്ടർബെഡ്, വീൽചെയർ പോലെയുള്ള ഉപകരണങ്ങൾക്കും മരുന്നിനുമായി തുക പിൻവലിച്ച് മെഡിയ്ക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയത്. എന്നാൽ പ്രസ്തുത സ്ഥാപനം മരുന്നുകളും ഉപകരണങ്ങളും നൽകുന്നതിൽ ഇത്രയധികം കാലതാമസം വരുത്തിയിട്ടും ആയത് ലഭ്യമാക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും യാതൊരു നടപടിയും ഉണ്ടായില്ല എന്നത് സാന്ത്വനചികിത്സാ പദ്ധതിയ്ക്ക് അർഹമായ പരിഗണന നൽകുന്നില്ല എന്നതിന്റെ തെളിവാണ്. ആവശ്യമായ മരുന്നുകളുടെയും മെഡിയ്ക്കൽ ഉപകരണങ്ങളുടെയും അഭാവത്തിൽ, കേവലം ഭവനസന്ദർശനം കൊണ്ട് മാത്രം ഫലപ്രദമായ ഹോംകെയർ സംവിധാനം ഒരുക്കുക സാധ്യമല്ല. ഒരു നിർബന്ധിത പദ്ധതിയാകയാൽ, അത് നടപ്പാക്കി എന്ന് വരുത്തിതീർക്കുക മാത്രമാണ് യഥാർത്ഥത്തിൽ നടക്കുന്നത്. അതിലുപരിയായി അശരണരും നിരാലംബരുമായ ഒരു വിഭാഗത്തിന് യഥാസമയം സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യം വെച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിയ്ക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിയ്ക്കേണ്ടതാണ്. മരുന്നുകളും മെഡിയ്ക്കൽ ഉപകരണങ്ങളും ലഭിയ്ക്കാത്ത സാഹചര്യത്തിൽ, ഇവയ്ക്കായി ചെലവഴിച്ച 94,400/-രൂപ (54400+40000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3. <u>ഹോം കെയർ വാഹനം-ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല.</u>

ഹോംകെയറിനായുള്ള വാഹന ചെലവ് പരിശോധിച്ചതിൽ ഒരു വ്യക്തിയുടെ തന്നെ വാഹനമാണ് ഉപയോഗിയ്ക്കുന്നതെങ്കിലും വ്യത്യസ്ത നിരക്കുകളാണ് വാടകയായി നൽകിയിട്ടുള്ളത്. (630/- രൂപ മുതൽ 810/- രൂപ വരെ) ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിവരങ്ങളൊന്നും തന്നെ പി.എം.സി മിനുട്സിലും രേഖപ്പെടുത്തിയിട്ടില്ല. ക്വട്ടേഷൻ ക്ഷണിച്ച്, ആയതിന്റെ അടിസ്ഥാനത്തിൽ, അനുയോജ്യമായ വാഹനം തെരഞ്ഞെടുത്ത് നൽകേണ്ട ചുമതല പഞ്ചായത്ത് കമ്മിറ്റിയിൽ നിക്ഷിപ്തമാകയാൽ വാഹനം തെരഞ്ഞെടുക്കുന്നതിലും വാടക നിശ്ചയിക്കുന്നതിലും നടപടിക്രമങ്ങൾ പാലിയ്ക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

4. <u>പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മിറ്റി – യഥാസമയം യോഗം ചേരുന്നില്ല:-</u>

ജി.ഒ(എം.എസ്) 228/12 ത.സ്വ.ഭ.വ 23.08.12 പ്രകാരം പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി മൂന്ന് മാസത്തിലൊരിയ്ക്കൽ പി.എം.സി യോഗം ചേരണമെന്ന നിർദ്ദേശവും പാലിയ്ക്കപ്പെട്ടിട്ടില്ല. 2015-16 വർഷം പി.എം.സി യോഗം ഒരു തവണ (16.9.2015) മാത്രമാണ് ചേർന്നിട്ടുള്ളത്. ഇതിൽനിന്നും ഗ്രാമ പഞ്ചായത്തിലെ സാന്ത്വന പരിപാലന പദ്ധതിയിലെ പ്രവർത്തനങ്ങൾ ഒട്ടും തന്നെ വിശകലനം ചെയ്യപ്പെടുന്നില്ല എന്നതാണ് വ്യക്തമാകുന്നത്. കമ്മിറ്റി കൃത്യമായി യോഗം ചേർന്ന് നടപ്പാക്കിയ പ്രവർത്തനങ്ങൾ വിലയിരുത്തിയാൽ മാത്രമേ പോരായ്മകൾ പരിഹരിയ്ക്കുന്നതിനും തുടർ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും സാധിയ്ക്കുകയുള്ളൂ. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർ കൂടി ഉൾപ്പെടുന്ന കമ്മിറ്റി യഥാസമയം ചേരുന്നതിന്, ഭരണസമിതി തന്നെ ആവശ്യമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ആയതിനാൽ, തുടർന്നുള്ള വർഷങ്ങളിൽ ജി.ഒ (ആർ.റ്റി) 3217/15 ത.സ്വ.ഭ.വ/ 29.10.15 ലെ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി രണ്ട് മാസത്തിലൊരിയ്ക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ പി.എം.സി യോഗം ചേരാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 3-4 <u>പ്രൊക്യൂർമെന്റ് കമ്മിറ്റി : പ്രവർത്തനങ്ങൾ നടക്കാതെ പേരിലൊതുങ്ങുന്നു.</u>

ജി.ഒ.(പി) 259/2010/ത.സ്വ.ഭ.വ/8.11.10 ഉത്തരവ് പ്രകാരം പഞ്ചായത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മിനുട്സ് പരിശോധിച്ചതിൽ 12.11.14 തീയതിയിലാണ് കമ്മിറ്റി അവസാനമായി യോഗം ചേർന്നിട്ടുള്ളത്. നവംബർ 2015ൽ പുതിയ ഭരണസമിതി അധികാരമേറ്റു എങ്കിലും അതിനനുസരിച്ച് കമ്മിറ്റി പുന:സംഘടിപ്പിച്ചിട്ടില്ല.

പ്രൊക്യൂർമെന്റ് മാന്വുവലിലെ വ്യവസ്ഥകൾ പ്രകാരം തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ വരും വർഷത്തേയ്ക്കുള്ള തങ്ങളുടെ ആവശ്യകത കണക്കാക്കി വാങ്ങേണ്ട ഫർണീച്ചറുകൾക്കായി ഒറ്റ ടെന്റർ ക്ഷണിയ്ക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ, പഞ്ചായത്തിൽ ഈ വ്യവസ്ഥ പാലിയ്ക്കപ്പെട്ടിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ വിവിധ പദ്ധതികളിലായി തൻവർഷം 863686/- രൂപയുടെ വാങ്ങൽ നടന്നിട്ടുണ്ട്. ക്വട്ടേഷൻ/ടെന്റർ നടപടികളില്ലാതെ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് വാങ്ങാമെന്ന് പ്രോജക്ടിൽ രേഖപ്പെടുത്തുന്നതിനാൽ മിക്കവയും സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങുന്നതായാണ് കാണുന്നത്. സിഡ്കോ നിർമ്മിച്ച നൽകുന്ന സ്റ്റീൽ, തടി ഫർണീച്ചറുകൾക്കും ഹോസ്പിറ്റൽ ഉപകരണങ്ങളുടെയും വില മാത്രമാണ് സർക്കാർ നിശ്ചയിച്ച നൽകുന്നത്. ഇതിനു വിരുദ്ധമായി ഇലക്ട്രോണിക് വാട്ടർ പ്യൂരിഫയർ, പ്ലാസ്റ്റിക് കസേരകൾ, കമ്പ്യൂട്ടർ എന്നിവയും വിവിധ നിർവ്വഹണോദ്യോഗസ്ഥർ സിഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്. സർക്കാർ അംഗീകൃത സ്ഥാപനമാകയാൽ എല്ലാ ഉത്പന്നങ്ങളും സിഡ്കോയിൽ നിന്നും വാങ്ങാമെന്ന ധാരണ തെറ്റാണ്. സർക്കാർ ഉത്തരവുകൾക്ക് വിധേയമായി പ്രവർത്തിയ്ക്കാൻ ഉദ്യോഗസ്ഥർ ശ്രദ്ധിയ്ക്കേണ്ടതാണ്.

പഞ്ചായത്തിൽ തൻവർഷം നടന്ന വാങ്ങലുകളൊന്നും തന്നെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പരിഗണനയിൽ വന്നില്ല. 8.11.10 ലെ ഉത്തരവിന് വിധേയമായി രൂപീകരിയ്ക്കേണ്ട സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയും രൂപീകരിച്ചതിന്റെ വിശദാംശങ്ങളും ലഭ്യമല്ല. ആയതിനാൽ, പ്രൊക്യൂർമെന്റ് കമ്മിറ്റി പുന:സംഘടിപ്പിച്ച്, പ്രവർത്തനങ്ങൾ ശരിയാംവിധം നടപ്പാക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 3-5 മണ്ണുഫില്ലിംഗ് പ്രവൃത്തികളിൽ പൊതുമരാമത്ത് മാന്യുവലിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

2015-16 വർഷം ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയ വിവിധ റോഡ് നിർമ്മാണ പ്രവൃത്തികളുടെ ഭാഗമായി മണ്ണ് ഫില്ലിംഗ് നടത്തിയതിന് നിരീക്ഷണ ഡാറ്റാ കണക്കാക്കി കൺവീനർക്ക് 789.50/$m^3$ നിരക്കിലും കരാറുകാർക്ക് 907.90/$m^3$ നിരക്കിലും പ്രതിഫലം നൽകിയിട്ടുണ്ട്. DSR-ലെ ഇനം 2.2.1 പ്രകാരമുള്ള സ്പെസിഫിക്കേഷൻ അനുസരിച്ച് പ്രവൃത്തി നടത്തുന്നതിന് അർഹമായ നിരക്ക് 383.10/$m^3$ ആണ്. ഈ നിരക്കിനോടൊപ്പം ആലപ്പുഴ ജില്ലയ്ക്ക് ബാധകമായ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തുമ്പോൾ അനുവദിക്കാവുന്ന നിരക്ക് 558.17/$m^3$ (383.10x1.457) ആണ്. നിരീക്ഷണ ഡാറ്റായിൽ 20 സെ.മീ. കനത്തിൽ മണ്ണ് വിരിച്ച് വെള്ളം ഒഴിച്ച് ഡീസൽ റോഡ് റോളർ ഉപയോഗിച്ച് കൺസോളിഡേറ്റ് ചെയ്യുന്നതിനുള്ള ചെലവും പ്രസ്തുത നിരക്കിൽ ഉൾപ്പെട്ടിട്ടുണ്ട്. എം. ബുക്കിൽ പ്രീമെഷർമെന്റായി അളവ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ചില പ്രവൃത്തികളിൽ പ്രീമെഷർമെന്റായി അളവ് രേഖപ്പെടുത്തിയതിനോടൊപ്പം കൺസോളിഡേഷന് ശേഷമുള്ള അളവാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നും സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് എപ്രകാരം നടക്കുമെന്ന് വ്യക്തമല്ല. കൂടാതെ കൺവീനർ പ്രവൃത്തികളിൽ കൺവീനർമാർ ഹാജരാക്കിയിട്ടുള്ള ചെലവ് കണക്കുകൾ പരിശോധിച്ചതിൽ ഡീസൽ റോളർ ഉപയോഗിച്ച് മണ്ണ് കൺസോളിഡേറ്റ് ചെയ്യുന്നതിന് റോളർ വാടക/ഡീസൽ ചെലവ് എന്നിവ ഹാജരാക്കിയിട്ടില്ല. ആയതിനാൽ റോളർ ഉപയോഗിച്ച് കൺസോളിഡേഷൻ നടന്നിട്ടില്ലെന്ന് ന്യായമായും

കരുതാവുന്നതാണ്. കൺസോളിഡേഷൻ ഇല്ലാത്ത സംഗതിയിൽ അതിനായി ഉൾപ്പെടുത്തിയ നിരക്ക് അനുവദനീയമല്ല.

പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2109 പ്രകാരം മണ്ണുഫില്ലിംഗ് പ്രവൃത്തികളിൽ ലവൽ മെഷർമെന്റ് എടുക്കാതെ ടേപ്പ് മെഷർമെന്റിന്റെ അടിസ്ഥാനത്തിൽ അളവ് രേഖപ്പെടുത്തുന്ന സംഗതിയിൽ 10 % കുറവ് വരുത്തിയാവണം തുക അനുവദിക്കേണ്ടതെങ്കിലും താഴെ പറയുന്ന പ്രവൃത്തികളിൽ അപ്രകാരം ചെയ്തിട്ടില്ല.

| ക്രമ നം | പ്രവൃത്തിയുടെ വിവരം | ഇനം നം. | ചെയ്ത അളവ് ($m^3$) | പ്രതിഫലം നൽകിയ അളവ്, നിരക്ക് തുക | അനുവദനീയമായ അളവ് (10% കുറവ് ചെയ്തതിന് ശേഷം), നിരക്ക്, തുക | നഷ്ടം |
|---|---|---|---|---|---|---|
| 1. | S0052/16,<br>മാമ്പറമ്പിൽ പുത്തുക്കാട്ടിൽ കൊച്ചുവളവ് റോഡ് ക്വാറി മക്ക് ഫില്ലിംഗ്, ഗ്രാവലിംഗ്<br>അടങ്കൽ - 4,50,000<br>കൺവീനർ - ഷാജി.ജി<br>ചെലവ് -4,28,159<br>ചെക്ക് നം.0785861/23.09.15<br>എം.ബുക്ക് നം.25 /15-16 | 5 | 288.30$m^3$ | 288.30$m^3$ @7895/10$m^3$= 2,27,612.85 | 259.47@ 7895/10$m^3$= 2,04,851.56 | 22761 |
| 2 | കാവിന്റെ പറമ്പ് പുത്തൻ പറമ്പ് നടപ്പാത കോൺക്രീറ്റിംഗ്<br>അടങ്കൽ - 5,00,000<br>കരാറുകാരൻ- വി.പ്രസാദ്<br>ചെലവ് -4,99,006<br>2,39,006/- (ബിൽ നം. 29/22.09.15)<br>2,60,000/- (ബിൽ നം.19/22.09.15)<br>എം.ബുക്ക് നം.22/15-16 | 1 | 227.45$m^3$ | 227.45$m^3$ @789.50/$m^3$= 1,79,571.78 | 204.705$m^3$ @ 789.50/$m^3$= 1,61,614.59 | 17957 |
| 3 | തിരുവാതിര ജംഗ്ഷൻ മുതൽ സൊസൈറ്റി റോഡ് മെറ്റലിംഗ് | 2 | 239.70$m^3$ | 239.70$m^3$ @907.92/$m^3$= | 215.73$m^3$@ 907.92/$m^3$= | 21763 |

| | | | | | | |
|---|---|---|---|---|---|---|
| | അടങ്കൽ - 5,50,000<br>(11.50%കുറവ്)<br>കരാറുകാരൻ- വിഷ്ണു.പി<br>ചെലവ് -4,85,592<br>(ബിൽ നം.41/16.12.15)<br>എം.ബുക്ക് നം.46/15-16 | | | 2,17,628.42 | 1,95,865.58 | |
| 4 | മഹാത്മാ ജംഗ്ഷൻ തട്ടുപുരക്കൽ റോഡ് മെറ്റലിംഗ്<br>അടങ്കൽ - 2,50,000<br>കരാറുകാരൻ-ജനാർദ്ധനകാരണവർ<br>ചെലവ് -2,47,693<br>എം.ബുക്ക് നം.42/15-16 | 2 | 105.6$m^3$ | 105.6$m^3$ @<br>907.92/$m^3$=<br>95,876.35 | 95.04$m^3$ @<br>907.92/$m^3$=<br>86,288.71 | 9588 |
| 5 | ചാപ്രായിൽ ചിറ മാലിൽ റോഡ് മെറ്റലിംഗ്<br>അടങ്കൽ - 3,50,000<br>(13.20% കുറവ്)<br>കരാറുകാരൻ-എസ്.മണിലാൽ<br>ചെലവ് -3,01,581<br>(ബിൽ നം.43/16.12.15)<br>എം.ബുക്ക് നം.40/15-16 | 2 | 142.80$m^3$ | 142.80$m^3$ @<br>907.92/$m^3$=<br>1,29,650.97 | 128.52@<br>907.92/$m^3$=<br>1,16,685.87 | 12965 |
| 6 | മംഗലശ്ശേരി മണിമലത്തറ റോഡ് മെറ്റലിംഗ്<br>അടങ്കൽ - 4,00,000<br>കരാറുകാരൻ-ജനാർദ്ധനകാരണവർ<br>(17%കുറവ്) | 2 | 144.38$m^3$ | 144.38$m^3$@<br>907.92/$m^3$<br>=1,31,085.48 | 129.942$m^3$@<br>907.92/$m^3$<br>=1,17,976.94 | 13109 |

| | | | | | | |
|---|---|---|---|---|---|---|
| | ചെലവ് -3,27,256<br>ചെക്ക് നം/<br>എം.ബുക്ക് നം.45/15-16 | | | | | |
| 7 | വില്ലേജ് ഓഫീസ് അറ്റുകടവ് ഗ്രാവലിംഗ്<br>അടങ്കൽ - 2,50,000<br>കൺവീനർ - ജയരാജൻ<br>ചെലവ് -2,47,084<br>ചെക്ക് നം/<br>എം.ബുക്ക് നം.10/15-16 | 2 | 250.80m3 | 250.80$m^3$@<br>789.50/$m^3$<br>=1,98,006.6 | 225.72$m^3$@<br>789.50/$m^3$<br>=1,78,205.94 | 19801 |
| 8 | ഗുരുമന്ദിരം അമ്പഴഞ്ഞിയില റോഡ് മെറ്റലിംഗ്<br>അടങ്കൽ -2,75,000<br>കരാറുകാരൻ - പ്രസന്നൻ<br>ചെലവ് -2,74,642<br>ചെക്ക് നം/<br>എം.ബുക്ക് നം.15/15-16 | 2 | 108.8m3 | 108.8$m^3$@<br>907.92/$m^3$=<br>98,781.70 | 97.92$m^3$@<br>907.92/$m^3$=<br>88,903.52 | 9878 |
| 9 | ഗുരുമന്ദിരം പ്ലാപ്പുറം റോഡ് ഫില്ലിംഗ്<br>അടങ്കൽ - 2,50,000<br>കൺവീനർ - ഇന്ദിര<br>ചെലവ് -2,47,707<br>ചെക്ക് നം/<br>എം.ബുക്ക് നം./15-16 | 2 | 262.5$m^3$ | 262.5$m^3$@<br>789.50/$m^3$=<br>207243.75 | 236.25$m^3$@<br>789.50/$m^3$=<br>1,86,519.375 | 20724 |
| 10 | എൻ.എച്ച് കരിയിൽ കൊട്ടാരം റോഡ് ഫില്ലിംഗ് | 2 | 269.06$m^3$ | 269.06$m^3$@<br>907.92/$m^3$= | 242.154$m^3$@<br>907.92/$m^3$= | 24428 |

| | | | | | | |
|---|---|---|---|---|---|---|
| | അടങ്കൽ - 3,50,000<br>(13.1%കുറവ്)<br>കരാറുകാരൻ - ഉണ്ണികൃഷ്ണൻ<br>ചെലവ് -2,98,478<br>ചെക്ക് നം/<br>എം.ബുക്ക് നം./15-16 | | | 2,44,284.95 | 2,19,856.45 | |
| 11 | കുളങ്ങരമഠം അംഗൻവാടി നടപ്പാത ഗ്രാവലിംഗ്<br>അടങ്കൽ -2,00,000<br>കൺവീനർ - സ്കറിയ<br>ചെലവ് -1,91,750<br>28/22.09.15<br>എം.ബുക്ക് നം./15-16 | 2 | 144m3 | $144m^3$@<br>789.50/$m^3$=<br>1,13,688 | $129.6m^3$@<br>789.50/$m^3$=<br>1,02,319.2 | 11369 |
| 12 | ആശ്രമം കുറ്റിത്തറ റോഡ് മെറ്റലിംഗ്<br>അടങ്കൽ - 4,00,000<br>(16%കുറവ്)<br>കൺവീനർ - പുരുഷോത്തമൻ<br>ചെലവ് -3,34,798<br>ബിൽ നം.24/22.09.15<br>എം.ബുക്ക് നം.24/15-16 | 2 | $216m^3$ | $216m^3$@<br>907.92/$m^3$=<br>1,96,110.7 | $194.4m^3$@<br>907.92/$m^3$=<br>1,76,499.64 | 19611 |
| 13 | പി.എച്ച്.സി ചാരപറമ്പ് റോഡ് മെറ്റലിംഗ്<br>അടങ്കൽ - 3,70,000<br>(12.65%കുറവ്)<br>കരാറുകാരൻ - മണിലാൽ<br>ചെലവ് -3,22,406 | 2 | $158.40m^3$ | $158.40m^3$@<br>907.92/$m^3$=<br>1,43,814.52 | 142.56@<br>907.92/$m^3$=<br>1,29,433.07 | 14381 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ബിൽ നം.36/29.02.16<br>എം.ബുക്ക് നം.37/15-16 | | | | | | |
| | | | | | | | 218335 |

അധിക ചെലവായ തുക അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-6 സോഷ്യൽ വെൽഫെയർ ആന്റ് റിക്രിയേഷൻ കെട്ടിടം മെയിന്റനൻസ്- ഡിസ്മാന്റിൽ ചെയ്ത വസ്തുക്കൾ ലേലം ചെയ്തിട്ടില്ല

സോഷ്യൽ വെൽഫെയർ ആന്റ് റിക്രിയേഷൻ കെട്ടിടം മെയിന്റനൻസ് നടത്തിയപ്പോൾ 60കിലോ ജി.ഐ പൈപ്പും, 17 ആസ്ബസ്റ്റോസ് ഷീറ്റുകളും പൊളിച്ചുമാറ്റിയിരുന്നു. ടി സാധനങ്ങൾ ലേലം നടത്തുന്നതിന് 31.07.2015 ൽ അസിസ്റ്റന്റ് എഞ്ചിനീയർ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും ലേല നടപടികൾ സ്വീകരിച്ചിട്ടില്ല. അടിയന്തിരമായി ലേല നടപടികൾ സ്വീകരിച്ച് തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വെക്കേണ്ടതാണ്.

## 3-7 ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി- മെറ്റീരിയൽ വർക്കുകൾ - കരാറുകാരിൽ നിന്നും വാറ്റ് ഈടാക്കിയിട്ടില്ല.

2003 ലെ വാറ്റ് ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് നികുതി കോമ്പൗണ്ട് ചെയ്യാത്ത കരാറുകാർ വിവിധ സാധനസാമഗ്രികൾ സപ്ലൈ ചെയ്യുമ്പോൾ അതാതു കാലയളവിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ വാറ്റ് അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. കരുവാറ്റ ഗ്രാമപഞ്ചായത്തിൽ 2015 – 16 വർഷം ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിച്ച 13 കോൺക്രീറ്റിംഗ് വേലകൾക്കാവശ്യമായ മെറ്റീരിയൽസ് കരാറുകാരിൽനിന്നും ടെണ്ടർ ക്ഷണിച്ച് കരാർ വെച്ചാണ് വാങ്ങിയിട്ടുള്ളത്. ശ്രീ. കെ. പ്രസന്നൻ എന്ന വ്യക്തിയാണ് എല്ലാ പ്രവൃത്തികൾക്കും കരാർ ചമച്ചിരിക്കുന്നത്. ഫയലിൽ സൂക്ഷിച്ചിട്ടുള്ള, ടിയാന്റെ ഫോം നം. 1E യിലുള്ള ടാക്സ് കോമ്പൗണ്ടിംഗ് സർട്ടിഫിക്കേറ്റനുസരിച്ച് ടിയാന് വർക്സ് കോൺട്രാക്ടുകൾക്കുമാത്രമാണ് നികുതി കോമ്പൗണ്ടിംഗ് അനുവദിച്ചിട്ടുള്ളത്. ഗ്രാവലിന് 4% ഉം ക്വാറി സാന്റ്, മെറ്റൽ, എം. സാന്റ്, സിമന്റ് എന്നിവക്ക് 14.5% ഉം ആണ് നികുതി ഈടാക്കേണ്ടത് എന്നിരിക്കെ കരാറുകാരിൽ നിന്നും നികുതികൾ ഈടാക്കിയിട്ടില്ല. ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നികുതി തുകയായ 2,62,094.80 രൂപയും അതിന്റെ പലിശയും ഒടുക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും തുക അടവാക്കുന്ന മുറക്ക് വിവരം അറിയിക്കാമെന്നുമാണ് മറുപടി നൽകിയിരിക്കുന്നത്. നികുതി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-8 എസ്.സി.പി പദ്ധതികൾ പ്രധാനാധ്യാപകൻ നടപ്പാക്കുന്നു.

ജി.ഒ.(എം.എസ്) 59/14ത.സ്വ.ഭ.വ, തീയതി 22.03.14 ഉത്തരവ് പ്രകാരം അസിസ്റ്റന്റ് സെക്രട്ടറിമാർ ഉള്ള പഞ്ചായത്തിൽ എസ്.സി/ എസ്.റ്റി വിഭാഗത്തിനായുള്ള പദ്ധതികളുടെ നിർവ്വഹണച്ചുമതല അസിസ്റ്റന്റ് സെക്രട്ടറിയ്ക്കാണ്. എന്നാൽ, 2015-16 വർഷം എസ്.സി വിഭാഗത്തിനായി ആവിഷ്കരിച്ച 'യുവജനവികസനം' (പ്രോജക്ട് നം. 26/16) എന്ന പദ്ധതി നടപ്പാക്കിയിരിയ്ക്കുന്നത് പ്രധാനാധ്യാപകൻ, ഗവ.എൽ.പി.എസ് ആണ്. എസ്.സി വിഭാഗത്തിലുള്ള കുട്ടികൾക്ക് സൈക്കിൾ, പഠനോപകരണങ്ങൾ എന്നിവ വാങ്ങി നൽകുന്നതിനും സ്കോളർഷിപ്പിനുമായി 2,99,774/- രൂപയാണ് ചെലവഴിച്ചത്. വിദ്യാഭ്യാസ മേഖലയായതിനാലാണ് പ്രധാനാധ്യാപകനെ നിർവ്വഹണ ചുമതല ഏൽപിച്ചത് എന്നാണ് വിശദീകരിച്ചത്. ഇത് ക്രമപ്രകാരമുള്ള നടപടിയല്ലാത്തതിനാൽ എസ്.സി/ എസ്.റ്റി വിഭാഗത്തിനായുള്ള ക്ഷേമപദ്ധതികൾ അസിസ്റ്റന്റ് സെക്രട്ടറി തന്നെ നിർവ്വഹണം നടത്തേണ്ടതാണ്.

## 3-9 മീഡിയാശ്രീ -ചിത്രത്തിന്റെ പകർപ്പ് ലഭ്യമായിട്ടില്ല

പ്രോജക്റ്റ് നം. – S0108/16

ചെലവ് – 65000

ബിൽ നം – 6/15-16, 28-7-15

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചരിത്രം, വർത്തമാനം, നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങൾ എന്നിവ ഡോക്യുമെന്ററി ചിത്രങ്ങളാക്കി പുറത്തിറക്കുന്ന മീഡിയാശ്രീ പദ്ധതിക്കായി നിർവഹണ ഏജൻസിയായ കുടുംബശ്രീയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ പേർക്ക് ഡി.ഡി നം. 755252/30-7-15 പ്രകാരം 65000/- രൂപ ഒടുക്കി.

കുടുംബശ്രീയും ഗ്രാമപഞ്ചായത്തു സെക്രട്ടറിയുമായി ഏർപ്പെട്ട കരാർ പ്രകാരം തുക നൽകി 60 ദിവസത്തിനകം ഡോക്യുമെന്ററി ചിത്രത്തിന്റെ പത്ത് പകർപ്പുകൾ ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടിയിരുന്നു. എന്നാൽ ഇതിന്റെ ഷൂട്ടിംഗ് കഴിഞ്ഞു എങ്കിലും നാളിതുവരെ ചിത്രത്തിന്റെ പകർപ്പുകൾ (സി.ഡി) ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം – 7/9-12-16 ന് നൽകിയ മറുപടിയിൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടക്കുന്നതായി അറിയാൻ കഴിഞ്ഞതായും സി.ഡിയും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചു. ഈ സാഹചര്യത്തിൽ 65000/- രൂപ തടസപ്പെടുത്തുന്നു.

## 3-10 കാലാവധിപൂർത്തിയാക്കിയ ഡെപ്പോസിറ്റുകൾ-പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല

KPWA സെക്ഷൻ 15 പ്രകാരം മൂന്ന് വർഷത്തിലധികം കാലാവധിപൂർത്തിയാക്കിയ ഇ.എം.ഡി, സെക്യൂരിറ്റി നിക്ഷേപങ്ങൾ എന്നിവ കക്ഷികൾ തിരികെ കൈപ്പറ്റിയിട്ടില്ലാ എങ്കിൽ അവ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തനത് വരുമാനമായിക്കണക്കാക്കി മുതൽക്കൂട്ടേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2001-02 മുതലുള്ള നിക്ഷേപങ്ങൾ മുതൽക്കൂട്ടാതെ അവശേഷിക്കുന്നതായി ഡപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2001-02 | 1500 |
| 2002-03 | 1870 |
| 2003-04 | - |
| 2004-05 | 2480 |
| 2005-06 | - |
| 2006-07 | 26170 |
| 2007-08 | 55060 |

| | |
|---|---|
| 2008-09 | 19932 |
| 2009-10 | 15835 |
| 2010-11 | 110675 |
| 2011-12 | 41100 |
| 2012-13 | 4600 |
| ആകെ | 279222 |

ടി തുക തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-11 തനത്ഫണ്ടിൽ നിന്നും സാനിട്ടേഷൻ ചെലവ്- തുക തിരികെ ലഭ്യമായിട്ടില്ല

കരുവാറ്റ ഗ്രാമപഞ്ചായത്തിലെ 4, 5, 6 വാർഡുകളിലെ ഓട ശുചീകരണവുമായി ബന്ധപ്പെട്ട് സുതാര്യകേരളത്തിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി യുടെ അപേക്ഷ പരിഗണിച്ച് ടി വാർഡുകളിലെ സാനിട്ടേഷൻ സമിതി കൺവീനർ/ ചെയർമാൻ എന്നിവരുടെ പേരിൽ 10000/- രൂപ വീതം ശുചീകരണത്തിനായി തനത് ഫണ്ടിൽനിന്നും അനുവദിച്ചു (ആകെ-30000/-രൂപ). വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്ന മുറക്ക് ടി തുക ശുചിത്വമിഷനിൽ നിന്നും അനുവദിച്ചു വാങ്ങുന്നതിന് 21-8-15 ലെ പഞ്ചായത്ത് കമ്മിറ്റി 4(1)-ാം നമ്പർ ആയി തീരുമാനിച്ചു. എന്നാൽ ടി തുക നാളിതുവരെ തിരികെ ലഭ്യമായിട്ടില്ല. തുക ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യവിശകലനം.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന 19 അങ്കണവാടികളിൽ 13 എണ്ണത്തിന് മാത്രമാണ് സ്വന്തമായി കെട്ടിടം ഉള്ളത്. ബാക്കി 6 എണ്ണം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്ന രണ്ട് എണ്ണത്തിനും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഒരെണ്ണത്തിനും ഉൾപ്പെടെ 3 എണ്ണത്തിന് മാത്രമാണ് വൈദ്യുതിബന്ധം ഉള്ളത് . സ്വന്തം കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്ന 6 എണ്ണത്തിനും

വാടക കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്ന 6 എണ്ണത്തിനും ടോയ് ലറ്റ്, കുടിവെള്ള സൗകര്യങ്ങൾ ഉണ്ട്. അങ്കണവാടി നം. 62 പ്രവർത്തിയ്ക്കുന്ന കെട്ടിടത്തിന് വേണ്ടത്ര ഉറപ്പില്ലാത്തതിനാൽ അത് പൊളിച്ചുമാറ്റി പുതുതായി നിർമ്മാണം തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നതായും അങ്കണവാടി പ്രവർത്തനം താത്കാലികമായി മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റിയിട്ടുള്ളതായും ഐ.സി.ഡി.എസ്. സൂപ്പർവൈസർ അറിയിച്ചു. നടപടിക്രമങ്ങൾ ത്വരിത ഗതിയിലാക്കേണ്ടതാണ്. 2015-16 വർഷ പ്രവർത്തനത്തിലേയ്ക്കായി 18 എണ്ണത്തിന് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിൽ അധികൃതർ വേണ്ടത്ര ശ്രദ്ധ

പതിപ്പിയ്ക്കേണ്ടതാണ്. ഇതിനായി അങ്കണവാടി നടത്തിപ്പ് സംബന്ധിച്ച 22-3-11 തീയതിയിലെ 31055/ഡിസി-2/2011/ത.സ്വ.ഭ.വ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 ട്രൈ സൈക്കിൾ വിതരണം:- ഭരണസമിതി തീരുമാനം നടപ്പായില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ 2014-15 വർഷം നടപ്പാക്കിയ ട്രൈ സൈക്കിൾ വിതരണ പദ്ധതിയുടെ ഭാഗമായി 4 പേർക്കാണ് ആനുകൂല്യം നൽകിയത്. ഇതിലെ ഒരു ഗുണഭോക്താവായ ശ്രീ. ശങ്കരൻനായർ 13.2.16 ൽ മരണപ്പെട്ടു. തുടർന്ന് ഈ മുച്ചക്ര വാഹനം തിരികെ വാങ്ങി മറ്റൊരു ഗുണഭോക്താവിന് (IX-ാം വാർഡിലെ വേണുഗോപാൽ, വളവുകോട്ടമഠം) നൽകുന്നതിന് ഐ.സി.ഡി.എസ് സൂപ്പർവൈസറിനെ ചുമതലപ്പെടുത്തി പഞ്ചായത്ത് കമ്മിറ്റി 18.2.16ൽ (നം. XII(30)) തീരുമാനമെടുത്തു. എന്നാൽ, ഈ വിഷയത്തിൽ തുടർ നടപടികളുണ്ടായിട്ടില്ല എന്നാണ് നിലവിലെ സൂപ്പർവൈസർ അറിയിച്ചത്. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 3-14 മാവേലി സ്റ്റോർ സ്ഥാപിക്കുന്നതിന് മുൻകൂർ തുക അനുവദിച്ചിരിക്കുന്നു - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് മാവേലി സ്റ്റോർ സ്ഥാപിക്കുന്നതിനായി ചെക്ക് നം. 0998494/04.08.2015 പ്രകാരം ഹരിപ്പാട് കെ.എസ്.സി.എസ്.സി. ക്ക് 1,00,000/- രൂപ നൽകിയിട്ടുണ്ട്. മാവേലി സ്റ്റോർ പ്രവർത്തനം ആരംഭിച്ചതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട അധികാരികളിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധന - അപാകതകൾ

1. തെരുവു വിളകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി 12-13 വർഷം 254400/- രൂപ KSEBയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ടി വേല നാളിതുവരെ നടപ്പാക്കിയിട്ടില്ല. പ്രസ്തുത മുൻകൂർ ബാലൻസ് ഷീറ്റിൽ (B-18 ) ഉൾപ്പെടുത്തിയിട്ടില്ല.
2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം. | തുക ലഭിച്ച വർഷം. | ലഭിച്ച തുക. | പ്രോജക്ടിന്റെ പേര്. | ചെലവ്. | ബാലൻസ്. |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്. | 2015-16 | 25000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്. | 25000 | - |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-16 | 25000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്. | 25000 | - |

## 4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| പി.ഡബ്ല്യു.ഡി.ഇലക്ട്രിക്കൽ വിംഗ്. | പഞ്ചായത്ത് ഓഫീസ് – ഒന്നാം നില വൈദ്യുതീകരണം. | ബിൽ നം. 50, 51, 52/ 21.03.2016 | 145200 | ഇല്ല. |

## 4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി. | 562/2010/ 22.02.2010 | 11787000 | 5865090 | 2597199 | - | 3267891 |

## 4-6. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7. ഓഡിറ്റ് റിക്കവറി

--ഇല്ല--

## 4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | | 2003-04 | 20<br>13<br>27 | റോഡ് ഗ്രാവലിംഗ്.<br>പിഴപ്പലിശ<br>താറാവ് വിതരണം | പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. |
| 2000-01, | | 2003-04 | 18<br>21<br>28 | വനിതാകമ്പ്യൂട്ടർ.<br>വനിതാസ്വാശ്രയസംഘം.<br>ചെറുകിടമെതിയന്ത്രം. | പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. |

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 38307409 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 46012174 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 2,18,335 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,59,000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-5 | | 2,18,335 | രാജൻ, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 94,000 | ഡോ. മുഹമ്മദ് ഷാൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-9 | 65,000 | ലക്ഷ്മീ ദേവി, സെക്രട്ടറി |
| ആകെ | 1,59,000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

3-7- (വാറ്റ്)

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രാജൻ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>കരുവാറ്റ ഗ്രാമപഞ്ചായത്ത് | ഷൈലജ ഭവനം,<br>ചുനക്കര നോർത്ത്. |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-1998 ചെലവ് | എൽ.എഫ്.ജി.എ.5.1832/2011/ 04.02.12 | | ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത് |
| 1998-1999 ചെലവ് | എൽ.എഫ്.ജി.എ.5.1832/2011/ 03.02.12 | | ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത് |

| | | | |
|---|---|---|---|
| 2000-2001 ചെലവ് | എൽ.എഫ്.ജി.എ.5.1832/2011/ 04.02.12 | | ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത് |
| 2002-2003 | എൽ.എഫ്.ജി.എ.5.1832/2011/ 04.02.12 | | ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത് |
| 2003-2004 | എൽ.എഫ്.ജി.എ.5.1832/2011/ 04.02.12 | | ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത് |
| 2004-2005 | എൽ.എഫ്.ജി.എ.5.1832/2011/ 04.02.12 | | ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത് |
| 2005-2006 | എൽ.എഫ്.ജി.എ.5.1832/11/2011/ 04.02.12 | | ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത് |
| 2006-2007 | എൽ.എഫ്.ജി.എ.5.1577/2013/ 14.05.2014 | | ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത് |
| 2007-2008 | എൽ.എഫ്.ജി.എ.5.1577/2013/ 14.05.2014 | | ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത് |
| 2008-2009 | എൽ.എഫ്.ജി.എ.5.1577/2013/ 14.05.2014 | | ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത് |
| 2009-2010 | എൽ.എഫ്.ജി.എ.5.1577/2013/ 14.05.2014 | | |
| 2010-2011, | എൽ.എഫ്.എപി3-1399/2012/ 13.12.12 | | |

| | | | |
|---|---|---|---|
| 2011-2012 | | | |
| 2012-2013 | എൽ.എഫ്.എപി3-09/2014/ 11.03.14 | | |
| 2013-2014 | എൽ.എഫ്.എപി3-550/15/ 03.06.2015 | | |
| 2014-2015 | കെ.എസ്.എ/എഎൽ.പി/പി3-629/16/ 10.06.16 | | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

നം.കെ.എസ്.എ-എ.എൽ.പി-പി3-1514/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
തീയതി. 29.12.2016
ഫോൺ – 0477 2252753
ഇ-മെയിൽ – ddhglfalpy@gmail.com

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, ആലപ്പുഴ ജില്ലയിലെ കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

No. KSA-ALP-P3-1514/16

Kerala State Audit Department,
District Audit Office, Alappuzha
Date: 29.12.2016
Ph: 0477 2252753
Email- ddhglfalpy@gmail.com

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of karuvatta Grama Panchayat in Alappuzha district for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of karuvatta Grama Panchayat for the year 2015-16 except the obeservations in my report, para 4-1 properly presents the picture of income and expenditure.

Deputy Director